കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
www.ksad.kerala.gov.in

# പറപ്പൂക്കര ഗ്രാമപഞ്ചായത്ത്
# 2017-18

## ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ
e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.-ടി.എസ്.ആർ.(പി.7)773/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ–680 020.
ഫോൺ: 0487 – 2331249
ഇ-മെയിൽ: dotsr.ksad@kerala.gov.in
തീയതി.12.06.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പറപ്പൂക്കര ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പറപ്പൂക്കര ഗ്രാമപഞ്ചായത്ത് – 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**************************

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പറപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

<u>പകർപ്പ് :</u>

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.-ടി.എസ്.ആർ(പി.7) 773/19 തീയതി:12.06.2019

# തൃശ്ശൂർ ജില്ലയിലെ പറപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,
1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പറപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-04-17 മുതൽ 31.03.18 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്ന് 2017-2018 വരെയുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് എൻക്വയറികൾക്ക് ലഭിച്ച മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല. ജലപ്രളയത്തിൽ നഷ്ടപ്പെട്ട രേഖകളുടെ വിവരം വിവിധ ഖണ്ഡികകളിൽ സൂചിപ്പിച്ചിട്ടുണ്ട്.(ഖണ്ഡിക 2-1, 3-2, 3-6, 3-11, 3-12). ഇക്കാര്യം പഞ്ചായത്ത് സെക്രട്ടറിയുടെ 14.11.2018 ലെ കത്ത് നമ്പർ എ2-6720/18 പ്രകാരം പഞ്ചായത്ത് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. ഭരണസമിതിയിൽ 26.09.2018 തിയതിയിലെ 5(1) തീരുമാനം പ്രകാരം രേഖകൾ നഷ്ടപ്പെട്ടതായി അംഗീകരിച്ചിട്ടുണ്ട്.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. സൈമൺ.കെ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 25 04 -19 മുതൽ 04 -05 -19 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ലിസി ടി.ജെ .<br>ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | ശ്രീമതി.ചൈതന്യ പുരുഷോത്തമൻ<br>അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സുനിൽ കുമാർ.കെ.സി.<br>സീനിയർ ഗ്രേഡ്ഓഡിറ്റർ |

| | |
|---|---|
| | ശ്രീമതി.രേഖ ഇ.സി.<br>ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ്

| പേര് | കാലയളവ് |
|---|---|
| ശ്രീമതി.കാർത്തിക ജയൻ | 01.04.2017 മുതൽ 31.3.18 വരെ |

സെക്രട്ടറി

| പേര് | കാലയളവ് |
|---|---|
| പി.വി .പദ്മനാഭൻ | 01.04.2017 മുതൽ 09.4.17 വരെ |
| വി. വസന്തകുമാർ (സെക്രട്ടറി ഇൻ ചാർജ്ജ്) | 10/04/2017 മുതൽ 05/05/2017 വരെ |
| ഷാജി ടി. എച്ച്. | 06/05/2017 മുതൽ 08/06/2017 വരെ |
| അജിത കെ. | 09/06/2017 മുതൽ 31/03/2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.വി.വസന്തകുമാർ | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.നില്ലൂഫർ.എം.ബാനു | 01.04.2017 മുതൽ 04.10.2017 FN വരെ |
| | ശ്രീ.ഓം പ്രകാശ് | 04.10.2017 AN മുതൽ 09.02.2018 വരെ |
| | ശ്രീ.സന്തോഷ്(ബ്ലോക്ക് എ.ഇ അഡീ.ചാർജ്ജ്) | 10.02.2018 മുതൽ 23.02.2018 വരെ |
| | ശ്രീമതി.ശാലിനി,എം.ആർ. | 24.02.2018 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ. എൻ.കെ അജിത് മോഹനൻ | 01.04.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | ശ്രീമതി. ശ്രുതി.ടി.രാംമോഹൻ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.കെ.പി. സിജി | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ ഐ.എസ്.എം. | ഡോ.കെ.വനജ | 01.04.2017മുതൽ 04.08.2017 FN വരെ |
| | ഡോ.ബിന്ദു | 04.08.2017 AN മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ.രേഖ. പി | 01.04.2017 മുതൽ 31.03.2018 വരെ |
| ഹെഡ്മിസ്ട്രസ്സ് | ശ്രീമതി.സി.എ.ലിസ്സി | 01.04.2017 മുതൽ 11.05.2017 വരെ |
| | ശ്രീമതി. രേണുക | 12.05.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ. (നന്തിക്കര) | ശ്രീ.അഭിലാഷ് മോഹൻ | 01.04.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ. (പറപ്പൂക്കര) | ശ്രീ.കെ.ശ്രീശാന്ത് | 01.04.2017 മുതൽ 31.03.2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.ഇഷ മുരളി | 01.04.2017 മുതൽ 31.03.2018 വരെ |

<u>ഉള്ളടക്കം</u>

| ക്രമ നം. | ഭാഗം1 | ഖണ്ഡിക നമ്പർ |
|---|---|---|

| | | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം2 | |
| 13 | വരവിനങ്ങളുമായി ബന്ധപ്പെട്ട രേഖകൾ പ്രളയത്തിൽ നഷ്ടപ്പെട്ടിരിക്കുന്നു | 2-1 |
| 14 | വെറ്റിനറി സർജൻ-രശീതി നൽകാതെ ഉണഭോക്തൃ വിഹിതം പിരിച്ചു. | 2-2 |
| | ഭാഗം3 | |
| 15 | കുടിവെള്ളവിതരണം-അപാകതകൾ | 3-1 |
| 16 | ചെലവ് രേഖകൾ ലഭ്യമാക്കിയില്ല | 3-2 |
| 17 | മരാമത്ത് പ്രവൃത്തികൾ-അവലോകനം | 3-3 |
| 18 | കന്നുകുട്ടി പരിപാലനപദ്ധതി | 3-4 |
| 19 | അങ്കണവാടികളുടെ ഭൗതികസാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. | 3-5 |
| 20 | ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല. | 3-6 |
| 21 | ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 3-7 |
| 22 | ആദായനികുതി ഈടാക്കിയിട്ടില്ല | 3-8 |
| 23 | തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾ-കൃത്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. | 3-9 |
| 24 | ഗ്രീൻ പ്രോട്ടോക്കോൾ(പ്ലാസ്റ്റിക് ഡിസ്പോസിബിൾ പ്ലേറ്റ് ഒഴിവാക്കൽ) | 3-10 |
| 25 | ചെലവു രേഖകൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല | 3-11 |

| | | |
|---|---|---|
| 26 | രേഖകൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല | 3-12 |
| | ഭാഗം4 | |
| 27 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 28 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 30 | വായ്പ/ വായ്പതിരിച്ചടവ് | 4-4 |
| 31 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 32 | ഓഡിറ്റ് റിക്കവറി | 4-6 |
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 34 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെടുന്ന ഖണ്ഡികകളുടെ വിവരം | 4-8 |
| 35 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 36 | അനുബന്ധം -1 ഓഡിറ്റ് സർട്ടിഫിക്കറ്റ് | |
| 37 | അനുബന്ധം -2 ഓഡിറ്റ് സംക്ഷിപ്തം | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 25.03.17 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരവും റിവൈസ്ഡ് ബജറ്റ് 31.03.18ലെ 2(1) നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു.

| | ബജറ്റ് | റിവൈസ്ഡ് ബജറ്റ് |
|---|---|---|
| പ്രതീക്ഷിത വരവ് | 162964550.45 | 102393388.45 |
| പ്രതീക്ഷിത ചെലവ് | 159957500 | 98054361 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.18 | 17.05.18 |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ | സർട്ടിഫിക്കറ്റ് നമ്പർ/തിയതി |
|---|---|---|

| | | |
|---|---|---|
| | പരിശോധിച്ച തിയ്യതി | |
| 2017-18 | 13.06.18 & 14.06.18 | കെ.എസ്.എ.ടി.എസ്.ആർ(ഇ3) 1150/18(55)/11.07.2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 15167362.15 |
| വരവ് | 69871119 |
| ആകെ | 85038481.15 |
| ചെലവ് | 79845708 |
| നീക്കിയിരിപ്പ് | 5192773.15 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി. | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 13915000 | 13915000 | 10887308 | 3027692 |
| വികസന ഫണ്ട്-എസ്.സി.പി. | 0 | 11167176 | 11167176 | 7226206 | 3940970 |
| വികസന ഫണ്ട്-സി.എഫ്.സി | 0 | 6535430 | 6535430 | 5167525 | 1367905 |
| കെ.എൽ.ജി.എസ്.ഡി.പി. | 0 | 2873921 | 2873921 | 2732882 | 141039 |
| മെയിൻറനൻസ് ഫണ്ട്-റോഡ് | 0 | 12443000 | 12443000 | 12434791 | 8209 |
| മെയിൻറനൻസ് ഫണ്ട്-റോഡിതരം | 0 | 3110000 | 3110000 | 2959985 | 150015 |
| സാക്ഷരത | 0 | 0 | 0 | 0 | 0 |
| ദുരിതാശ്വാസ നിധി | 0 | 0 | 0 | 0 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ്.-കൂലി | 0 | 6146489 | 6146489 | 6146489 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ്.-ഭരണചെലവ് | 12024 | 1018759 | 1030783 | 1010239 | 20544 |
| ടോട്ടൽ സാനിറ്റേഷൻ | 120000 | 149038 | 269038 | 216500 | 52538 |
| ഐ.സി.ഡി.എസ്. | 107749 | 420213 | 527962 | 33286 | 494676 |

| | | | | | |
|---|---|---|---|---|---|
| എം.പി.ഫണ്ട്. | 0 | 0 | 0 | 0 | 0 |
| പൈക്ക | 0 | 0 | 0 | 0 | 0 |
| എൻ.എം.ബി.എസ്. | 0 | 0 | 0 | 0 | 0 |
| സംസ്ഥാനാവിഷ്കൃതം | | | | | |
| പട്ടികജാതി വികസനം | 0 | 0 | 0 | 0 | 0 |
| ആയുർവേദം | 0 | 0 | 0 | 0 | 0 |
| എം.എൽ,എ.ഫണ്ട്. | 0 | 0 | 0 | 0 | 0 |
| കേരളോത്സവം | 15000 | 20000 | 35000 | 35000 | 0 |
| വിമുക്തി | 25000 | 12500 | 37500 | 8430 | 29070 |
| സംയോജിത പദ്ധതി | | | | | |
| ബ്ലോക്ക് പഞ്ചായത്ത് | 100000 | 1724600 | 1824600 | 1514592 | 310008 |
| ജില്ലാ പഞ്ചായത്ത് | 0 | 1340182 | 1340182 | 1340102 | 80 |
| ബി ഫണ്ട് | | | | | |
| തൊഴിൽ രഹിത വേതനം | 0 | 24840 | 24840 | 24840 | 0 |
| കർഷക തൊഴിലാളി പെൻഷൻ | 0 | 10054300 | 10054300 | 10054300 | 0 |
| അവിവാഹിത പെൻഷൻ | 0 | 1057000 | 1057000 | 1057000 | 0 |
| വിധവ പെൻഷൻ | 0 | 13374800 | 13374800 | 13374800 | 0 |
| വികലാംഗ പെൻഷൻ | 0 | 3508300 | 3508300 | 3508300 | 0 |
| വിവാഹധനസഹായം | 0 | 330000 | 330000 | 330000 | 0 |
| നെല്ലുൽപാദക ബോണസ് | 0 | 349850 | 349850 | 349850 | 0 |
| ജനറൽ പർപ്പസ് ഫണ്ട് | 0 | 107667000 | 107667000 | 10767000 | 0 |

| | | | | | |
|---|---|---|---|---|---|
| ടി.ഡി.സി.ബി.-തനത് ഫണ്ട് | 4521540.65 | 12950117 | 17471658 | 13062447 | 4409210.65 |
| ട്രഷറി തനത് ഫണ്ട് | 10528975 | 14965705 | 25494680 | 24529205 | 965475 |
| ട്രഷറി-സംയോജിതഫണ്ട് | 0 | 3620793 | 3620793 | 4152104 | -531311 |
| ബാങ്ക് ഓഫ് ഇന്ത്യ-ഇംപ്രസ്റ്റ് | 79080 | 3031 | 82111 | 0 | 82111 |
| ബാങ്ക് ഓഫ് ഇന്ത്യ-MGNREGS | 12024 | 1018998 | 1031022 | 1010478 | 20544 |
| നെല്ലായി പറപ്പൂക്കര | 23112 | 1387 | 24499 | 0 | 24499 |
| സാക്ഷരത | 2630 | 102 | 2732 | 0 | 2732 |
| എസ്.ബി.ഐ | 0 | 54665 | 54665 | 649 | 54016 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 237 | 78861895 | 160 | 46099291 | 69 | 8 | 67.51 |

പൂർത്തിയാക്കാതെ ഉപേക്ഷിച്ച പ്രോജക്റ്റുകളുടെ പേര്

| ക്രമ നം. | പ്രോജക്റ്റ് നമ്പർ | പ്രോജക്റ്റിൻറെ പേര് | സ്പിൽ ഓവർ/ പുതിയത് | അടങ്കൽ |
|---|---|---|---|---|
| 1 | 138 | മുളങ്ങ് കെ കരുണാകരൻ ഗ്രൗണ്ടിലേയ്ക്ക് പോസ്റ്റും നെറ്റും | | 26709 |
| 2 | 275 | കേരളോത്സവം നടത്തിപ്പ് ചെലവുകൾ | പുതിയത് | 65000 |
| 3 | 240 | എസ് സി സാംസ്കാരികനിലയത്തിലേയ്ക്ക് സൗരോർജ്ജ പാനൽ സ്ഥാപിക്കൽ | പുതിയത് | 226000 |

| | | | | |
|---|---|---|---|---|
| 4 | 243 | ആശ്രയ ഭവന പദ്ധതി | പുതിയത് | 600000 |
| 5 | 168 | പനംകുളം റോഡ് | പുതിയത് | 95000 |
| 6 | 202 | കൊളത്തൂർ വെള്ളപ്പാലം റോഡ് സൈഡ് കെട്ടി സമർപ്പണം | പുതിയത് | 148000 |
| 7 | 284 | മൈത്രി റോഡ് അവസാന ഭാഗം സൈഡ് പ്രൊട്ടക്ഷൻ | പുതിയത് | 108000 |
| 8 | 148 | 121-ാം നമ്പർ അങ്കണവാടി പുനരുദ്ധാരണം | പുതിയത് | 199991 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 12024 | 1018759 | 1030783 | 1010239 | 20544 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 6146489 | 6146489 | 6146489 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

| പദ്ധതിയുടെപേര് | ചെലവുതുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 24840 | 43 |
| കർഷകതൊഴിലാളിപെൻഷൻ | 10054300 | 860 |
| വിധവാപെൻഷൻ | 13374800 | 1155 |
| വികലാംഗപെൻഷൻ | 3508300 | 297 |
| 50 വയസ്സിന്മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1057000 | 91 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 330000 | 11 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.04.2019 ,3.00 PM-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 29,255/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റുമായി ബന്ധപ്പെട്ട് നടത്തിയ പരിശോധനയിൽ കണ്ടെത്തിയ താഴെ പറയുന്ന വിഷയങ്ങളിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

- ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്ററിൽ ചുമതല കൈമാറി നൽകിയ ഉദ്യോഗസ്ഥന്റെ പേരും ഒപ്പും ചുമതല ഏറ്റെടുത്ത ഉദ്യോഗസ്ഥന്റെ പേരും ഒപ്പും കൃത്യമായി രേഖപ്പെടുത്തുന്നില്ല.
- സെക്യൂരിറ്റി രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.
- ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള സമയക്രമം പാലിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്.1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214 പ്രകാരം വികസനപദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവുചെലവുകളുടെ വിശദമായ എസ്റ്റിമേററ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിററികൾ തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററിക്ക് സമർപ്പിക്കുന്നതിലും, ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി ബജററ് തയ്യാറാക്കി അംഗീകാരത്തിനായി ഭരണസമിതി മുമ്പാകെ വെയ്ക്കുന്നതിലും കാലതാമസം ഉണ്ടായിട്ടുണ്ട്.
- പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായുള്ള നിർദ്ദേശങ്ങളൊന്നും തന്നെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി യോഗങ്ങളിൽ ചർച്ച ചെയ്തിട്ടില്ല.
- റോഡ് കണക്റ്റിവിറ്റി ഭൂപടവും റോഡ് കണക്റ്റിവിററി പദ്ധതിയും തയ്യാറാക്കിയിട്ടില്ല.
- പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആസ്തികളെല്ലാം ഉൾപ്പെടുത്തി ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല.
- പഞ്ചായത്തിനുകീഴിലുള്ള എല്ലാ ജീവനക്കാരുടെയും വിവരങ്ങൾ ഉൾപ്പെടുത്തി ഇൻക്യൂമ്പൻസി രജിസ്റ്റർ കാലികമാക്കുന്നില്ല.
- ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ എണ്ണം കാണിയ്ക്കുന്ന രജിസ്റ്റർ, തെരുവുവിളക്കുകളുടെ അറ്റകുറ്റപണികൾക്കായുള്ള സാമഗ്രികളുടെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ യഥാവിധി എഴുതി പരിപാലിക്കുന്നില്ല.
- സ്റ്റോക്ക് രജിസ്റ്ററിൽ സാധനങ്ങളുടെ മൂല്യം രേഖപ്പെടുത്തുന്നില്ല.
- വർക്കിങ്ങ് ഗ്രൂപ്പുകൾ മോണിറ്ററിങ്ങ് സമിതികളായി പ്രവർത്തിക്കുന്നില്ല.
- ആയിരം രൂപക്ക് മുകളിലുള്ള തുക ക്യാഷായി നൽകുന്നു.

സ.ഉ(പി)നം. 177/06 ഫിൻ 12.04.06, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ എന്നിവയിലെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

ആഭ്യന്തരനിയന്ത്രണം കുറ്റമറ്റതാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| | തീയതി | | |
| പെർഫോമൻസ് ഓഡിറ്റ് | 05.01.19 | 12/2018 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.12.02 മുതൽ 31.12.02 വരെ | 1997-98 മുതൽ 2001-02 വരെ | 28/7/2012 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

പറപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. ഡിപ്രീസിയേഷൻ കണക്കാക്കുന്നതിന് അടിസ്ഥാനമാക്കിയ നിരക്കുകൾ സ.ഉ.(കൈ)നം.212/2012 /ത.സ്വ.ഭ.വ. തീയതി.06.08.12 പ്രകാരമുള്ളതല്ല.
2. ലൈബ്രറി ഡെപ്പോസിറ്റ് ഇനത്തിൽ ഉള്ള വരവ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
3. അസിസ്റ്റന്റ് എഞ്ചിനീയർ പ്രൊജക്റ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ 'capital work in progress' എന്ന ശീർഷകത്തിലെ കണക്കുകളുടെ പരിശോധന സാധ്യമായില്ല. (വാർഷിക കണക്കുകൾ പ്രകാരം 'capital work in progress' എന്ന ശീർഷകത്തിലെ മൂല്യം '0' ആണ്).
4. വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള ആസ്തി മൂല്യം ആസ്തി രജിസ്റ്ററിൽ നിന്നും ലഭ്യമാവുന്ന രീതിയിൽ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. (വാർഷിക കണക്കുകൾ പ്രകാരം സ്ഥിരാസ്തികളുടെ മൂല്യം B11 ഷെഡ്യൂൾ പ്രകാരം 4,81,62,387/- ആണ്.)
5. വസ്തു നികുതിയിനത്തിൽ വാർഷിക കണക്കുകളും സഞ്ചയയിൽ നിന്നുള്ള പത്രികകളും പൊരുത്തപ്പെടുന്നില്ല. സ.ഉ.(എം.എസ്.)358/2015 ത.സ്വ.ഭ.വ. തീയതി.16.12.15 പ്രകാരം വസ്തു നികുതി കുറവ്/ഇളവ് ചെയ്തതു മൂലമാണ് സഞ്ചയയും സാംഖ്യയും പൊരുത്തപ്പെടാത്തതെന്ന് ഗ്രാമപഞ്ചായത്ത് വിശദീകരണം നൽകിയെങ്കിലും ഇതിനാധാരമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല. സാംഖ്യ, സഞ്ചയ പൊരുത്തക്കേടുകൾ സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|---|
| കറന്റ് | സാംഖ്യ (റസിഡൻഷ്യൽ & നോൺ റസിഡൻഷ്യൽ) | 4523222 | 4189267 | 28523 |
| | സഞ്ചയ | 4523222 | 4189267 | 0 |
| അരിയർ | സാംഖ്യ (റസിഡൻഷ്യൽ & നോൺ റസിഡൻഷ്യൽ) | 2156050 | 1739593 | 91191 |
| | സഞ്ചയ | 1826441 | 1739593 | 0 |

6. വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ

ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

(i) കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2017-18 കാലയളവിലെ net increase or decrease in cash or cash equivalents ആയി രേഖപ്പെടുത്തിയിരിക്കുന്നത് (99,74,589/-) രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2017-18 കാലയളവിൽ Net cash generated by operating + investing + financing activities ആയി രേഖപ്പെടുത്തിയിരിക്കുന്നത് (54,06,683) രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ് സ്റ്റാന്റേർഡ് പ്രകാരം മേൽ രണ്ട് തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

7. വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്).

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വരവിനങ്ങളുമായി ബന്ധപ്പെട്ട രേഖകൾ പ്രളയത്തിൽ നഷ്ടപ്പെട്ടിരിക്കുന്നു

R&P സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവുകൾ പരിശോധിക്കുന്നതിന് അനുബന്ധരേഖകളൊന്നും തന്നെ ലഭിച്ചില്ല. വരവിനങ്ങളുടെ രജിസ്റ്ററുകൾ/ഫയലുകൾ/അപേക്ഷകൾ 2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തിൽ നഷ്ടമായെന്ന് ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ:01/ 29.04.19 ) മറുപടി ലഭിച്ചിട്ടുണ്ട്. ആയതിനാൽ താഴെ പറയുന്ന വരവിനങ്ങളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. എന്നാൽ ടി കാലയളവിലെ, റസീപ്റ്റുകൾ അവയുടെ കളക്ഷൻ രജിസ്റ്ററുകൾ എന്നിവ പരിശോധിക്കാൻ സാധിച്ചിട്ടുണ്ട്. ഇക്കാര്യം ഭരണസമിതിയുടെയും ഭരണവകുപ്പിന്റെയും ശ്രദ്ധയിൽപ്പെടുത്തുന്നു.
വിശദവിവരങ്ങൾ താഴെച്ചേർക്കുന്നു.

| Item | Amount |
|---|---|
| Profession tax | 1208740 |
| Rent from auditorium and halls | 57750 |
| Registration fee under common marriage rules | 16400 |
| permit fee for construction of building | 78167 |
| permit fee for installation of machinery | 2300 |
| permit fee for running of machinery | 44250 |
| building regularisation fee | 70115 |
| fees for birth certificates | 3135 |
| fees for marriage certificates | 3420 |
| penalities and fines-penal interest | 249285 |
| penalties and fines-fines | 62177 |
| penalties and fines-marriages | 4300 |
| penalties and fines-ownership change | 6500 |
| notice fee | 12693 |

| | |
|---|---|
| Ownership change fee | 6025 |
| Other fees | 8705 |
| Sale of scrap | 2870 |
| Restoration charges for road cutting | 141184 |
| Sale of tender form | 104650 |
| Receipt from auction of obsolete assets | 7550 |
| Sale of empties and waste materials | 48772 |
| Application fee | 7155 |

## 2-2 വെറ്ററിനറി സർജൻ രശീത് നൽകാതെ ഗുണഭോക്തൃ വിഹിതം പിരിച്ചു.

വെറ്ററിനറി സർജൻ നല്കിയ 5998-ാം നമ്പർ രശീത് ബുക്കിലെ രസീതി നമ്പർ-18 മുതൽ 27 വരെ 10 രശീതുകൾ ഉപയോഗിച്ച് 990/- രൂപ വീതം പിരിച്ചു എന്ന് കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തി 23.01.18 ന് 11707016080 നമ്പർ രശീതിയായി പഞ്ചായത്തിൽ 9,900 രൂപ അടവാക്കി.

എന്നാൽ മേൽ രശീതുകൾ യഥാർത്ഥത്തിൽ വേറെ കളക്ഷൻ നടത്തുന്നതിനാണ് ഉപയോഗിച്ചിരിക്കുന്നത്.

റസീപ്റ്റ് ബുക്ക് നമ്പർ: 5,998 ലെ 18 മുതൽ 100 വരെയും റെസീപ്റ്റ് ബുക്ക് നമ്പർ:6000 ലെ 74 മുതൽ 77 വരെയും 1,040/- രൂപ വീതം മൊത്തം 90,480 /-രൂപ 117070106080 തീയതി 23.1.18 രസീതി പ്രകാരം പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്.

18.12.2017 ന് രശീത് നൽകാതെ തുക ശേഖരിച്ച് കളക്ഷൻ രജിസ്റ്ററിൽ തെറ്റായ രശീത് ബുക്ക്/രശീത് നമ്പർ രേഖപ്പെടുത്തുകയാണ് ഉണ്ടായത് എന്ന് കാണുന്നു.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കു (നമ്പർ :08 തീയതി :04.05.19 )മറുപടി ലഭ്യമായിട്ടുണ്ട്. 18.12.17 ന പത്തു ഗുണഭോക്താക്കളിൽ നിന്നും ഈടാക്കിയ ഗുണഭോക്തൃവിഹിതം 5998 ആം നമ്പർ റെസിപ്റ്റ് ബുക്കിൽ വരവ് വെക്കേണ്ടതായിരുന്നെങ്കിലും പെട്ടെന്നുള്ള നോട്ടപ്പിശക് മൂലം ചേർക്കാൻ വിട്ടു പോയിട്ടുള്ളതാണെന്നും നിർവഹണ ഉദ്യോഗസ്ഥനും അന്നേ ദിവസം ഫ്രന്റ് ഓഫീസിൽ ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന ഉദ്യോഗസ്ഥനും മറുപടി നൽകിയിട്ടുള്ളത്. പണമടവാക്കുന്ന ഗുണഭോക്താക്കൾക്ക് കൃത്യമായി രസീതി പതിപ്പ് നൽകുന്നില്ല.

റെസിപ്റ്റ് ബുക്ക് കൈകാര്യം ചെയ്യുന്നതിൽ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും നിർവഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്നുമുള്ള ഗുരുതരമായ വീഴ്ചയാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കുടിവെള്ളവിതരണം-അപാകതകൾ

സ.ഉ.(സാധാ)നം.662/2017തസ്വഭവ തിയതി9-3-2017ലെ നിർദ്ദേശമനുസരിച്ച് ഗ്രാമപഞ്ചായത്തിലെ വരൾച്ചാബാധിതപ്രദേശങ്ങളിൽ കുടിവെള്ളം വിതരണത്തിനായി 31-3-2017 വരെ 500000 രൂപയും 1-4-2017 മുതൽ 31-5-2017 വരെ 1000000 രൂപയും തനതുഫണ്ട്/പ്ലാൻ ഫണ്ടിൽ നിന്ന് ചെലവഴിക്കാവുന്നതാണ്. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചെക്ക് നം.1729608/8-6-2017 പ്രകാരം കരാറുകാരൻ ശ്രീ.രതീഷിന് തനതുഫണ്ടിൽ നിന്ന് 8,98,700 രൂപ അനുവദിച്ചു.,കുടിവെള്ളവിതരണത്തിൽ താഴെച്ചേർക്കുന്ന അപാകതകൾ കാണുന്നു.

I) കുടിവെള്ള സ്രോതസിനെ സംബന്ധിച്ച് കരാറുകാരൻ വ്യക്തമാക്കിയിട്ടില്ല. ജലവിതരണത്തിന്

കണ്ടെത്തിയ കിണർ ഏതെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.
II)കുടിവെള്ളവിതരണം 13-4-2017ന് ആരംഭിച്ചെങ്കിലും ജലഅതോറിറ്റിയിൽ ജലം പരിശോധന നടത്തിയത് 26-4-2017 മുതൽ29-4-2017 വരെയുള്ള തിയതികളിലാണ്.
III)ടെണ്ടർ സമർപ്പിക്കേണ്ട അവസാനതിയതി 11-4-2017 ആയിരുന്നു. എന്നാൽ പഞ്ചായത്ത് സെക്രട്ടറിയും കരാറുകാരനും തമ്മിൽ കരാറിൽ ഏർപ്പെട്ടത് 3-4-2017 തിയതിയിൽ ആയിരുന്നു.
IV)കരാറുകാരനിൽ നിന്നും 1% നിരക്കിൽ ആദായനികുതി ഈടാക്കിയില്ല.
V)ട്രിപ്പ്ഷീറ്റ് പ്രകാരം 13-4-17 തിയതിയിൽ 8ാം വാർഡിൽ കുടിവെള്ളം വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വാർഡ് മെമ്പർ സാക്ഷ്യപ്പെടുത്തിയ റിപ്പോർട്ടിൽ അന്നേ ദിവസം കുടിവെള്ളം വിതരണം ചെയ്തിട്ടില്ല.
അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
( ഓഡിറ്റ് എൻക്വയറി നമ്പർ 10/03.05.2019).

## 3-2 ചെലവ് രേഖകൾ ലഭ്യമാക്കിയില്ല

വാർഷികകണക്കുകൾ പ്രകാരം തൊഴിൽ രഹിതവേതനം 24,840 രൂപയും വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായം 3,30,000 രൂപയും ഉല്പാദകബോണസ് 3,49,850 രൂപയും ചെലവഴിച്ചിട്ടുണ്ട്. വിതരണവുമായി ബന്ധപ്പെട്ട രേഖകളൊന്നും തന്നെ പരിശോധനക്ക് ലഭ്യമാക്കിയില്ല. രേഖകൾ ഭാഗികമായി മാത്രം ലഭ്യമാക്കിയതിനാൽ ചെലവിന്റെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

## 3-3 മരാമത്ത് പ്രവൃത്തികൾ-അവലോകനം

1. ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 159 പ്രോജക്റ്റുകളാണുള്ളത്. പ്രോജക്റ്റുകളുടെ ആകെ അടങ്കൽ തുക 3,60,28,790 രൂപയാണ്. ഇതിൽ 106 പ്രോജക്റ്റുകൾക്ക് 2,03,67,440 രൂപ മാത്രമാണ് തൻവർഷം ചെലവഴിച്ചത്. ചെലവ് 67% മാത്രമാണ്. ഏറ്റെടുത്ത പ്രോജക്റ്റുകളിൽ 53എണ്ണം നിർവഹണം നടത്തിയിട്ടില്ല. പ്രോജക്റ്റുകൾ ഒഴിവാക്കപ്പെടുന്ന സാഹചര്യം ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു. ആവശ്യമായ തുക വകയിരുത്തി തയ്യാറാക്കുന്ന പ്രോജക്റ്റുകൾ നിർവഹണം നടത്താതെ ഉപേക്ഷിക്കുന്ന പ്രവണത കാണുന്നു. ഇത് ഗ്രാമ പഞ്ചായത്തിന്റെ പദ്ധതി പ്രവർത്തനങ്ങളുടെ ലക്ഷ്യപ്രാപ്തി നഷ്ടപെടുത്തുന്നു.

2.ലഭ്യമാവുന്ന ഫണ്ട് അശാസ്ത്രീയമായ രീതിയിൽ വിഭജിച്ച് വാർഡുകളിൽ വിതരണം ചെയ്യുന്നത് ഗ്രാമ പഞ്ചായത്തിന്റെ സമഗ്രമായ വികസനത്തിന് തടസ്സം സൃഷ്ടിക്കുന്നു. ഇത് പ്രോജക്റ്റുകളുടെ എണ്ണം കൂട്ടുന്നതിന് ഇടയാക്കുന്നതോടൊപ്പം പ്രോജക്റ്റുകളുടെ നിർവഹണം പ്രയാസകരമാക്കുകയും ചെയ്യുന്നു. ലഭ്യമായ ഫണ്ടിന്റെ ഫലപ്രദമായ ഉപയോഗത്തിന് ശ്രദ്ധിക്കേണ്ടതാണ്. ഏറ്റെടുക്കുന്ന പ്രവൃത്തികൾ തൻവർഷം തന്നെ പൂർത്തിയാക്കുന്നതിനും ഫണ്ട് നഷ്ടപെടാത്ത വിധത്തിൽ പ്രായോഗിക സമീപനങ്ങൾ സ്വീകരിക്കുന്നതിനും ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.
3.സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കുന്നതിനും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുന്നതിനും മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമല്ല. പ്രൊജക്റ്റ് നിർവ്വഹണം ആദ്യാവസാനം വരെ വിഭാവനം ചെയ്ത തരത്തിൽ തന്നെയാണ് നടക്കുന്നതെന്ന് പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിൽ പരിശോധന നടത്തി വിലയിരുത്തുകയും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുകയും ചെയ്യേണ്ടത് മോണിറ്ററിംഗ് കമ്മിറ്റികളുടെ ചുമതലയാണ്. പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായാണ് പ്രവർത്തിക്കേണ്ടത്. ഓരോ വർക്കിംഗ് ഗ്രൂപ്പും ബന്ധപ്പെട്ട ഓരോ പ്രോജക്റ്റുകളും പ്രത്യേകം മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണോദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകേണ്ടതുണ്ട്. എന്നാൽ മരാമത്ത് പ്രവൃത്തികളുടെ മോണിറ്ററിംഗ് ഇപ്രകാരം നടത്തി റിപ്പോർട്ട് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.
4.എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തികൾ കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തിയതി രേഖപ്പെടുത്തുന്നില്ല. ടെണ്ടറുകളിൽ കരാറുകാർ ക്വാട്ട് ചെയ്യുന്ന നിരക്ക് അക്ഷരത്തിൽ രേഖപ്പെടുത്തുന്നില്ല. എഗ്രിമെന്റിലും

പ്രവർത്തി പൂർത്തീകരിക്കേണ്ട തീയതി രേഖപ്പെടുത്തുന്നില്ല.

5.കരാറുകാരനുമായി ഏർപ്പെടുന്ന കരാറിൽ പിഴ ഈടാക്കുന്നത് സംബന്ധിച്ച്, 2012 ൽ ജി.ഒ.(പി) 13/2012/PWD/01-02-2012 നമ്പർ ഉത്തരവ് പ്രകാരം പുതുക്കിയ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ വിവിധ സെക്ഷനുകൾ അനുശാസിക്കും പ്രകാരമുള്ള വ്യവസ്ഥകളല്ല ഉൾപ്പെടുത്തിയിട്ടുള്ളത്.

6. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. തൻവർഷം പൂർത്തീകരിച്ച പ്രവൃത്തികൾ മൂല്യം ചേർത്ത് ആസ്തിയാക്കി മാറ്റി രജിസ്റ്ററിൽ ചേർത്തിട്ടില്ല. ആസ്തി രജിസ്റ്ററിന്റെ ഡിജിറ്റൽ പ്രിന്റൗട്ട് എടുത്തു സൂക്ഷിക്കുന്നുവെങ്കിലും വാർഷിക കണക്കുമായി താരതമ്യപ്പെടുത്തും വിധം കാലികമാക്കിയിട്ടില്ല.

7. 2017 -18 വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളടങ്ങിയ 29.3.17 ലെ ഉത്തരവ് പ്രകാരം 72/17 ഖ 12 – 10 പ്രകാരമുള്ള നിർദ്ദേശങ്ങൾ, ഓരോ ത.സ്വ.ഭ.സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും, പദ്ധതിയും തയ്യാറാക്കണമെന്നത് പ്രാവർത്തികമായിട്ടില്ല. മാർഗ്ഗരേഖ നിർദ്ദേശപ്രകാരമുള്ള ആസ്തി സംരക്ഷണപദ്ധതിയും തയ്യാറാക്കിയിട്ടില്ല. പദ്ധതികൾ തയ്യാറാക്കി അംഗീകാരം വാങ്ങി അന്തിമ പദ്ധതി രേഖയിൽ ഉൾപ്പെടുത്തുക എന്നതോടൊപ്പം, പ്രവൃത്തികളുടെ ഗുണമേൻമ, സുതാര്യത, കൃത്യത, പ്രായോഗികത, പൂർത്തീകരണം എന്നിവ ഉറപ്പ് വരുത്തുന്നതിന് കാര്യക്ഷമമായ ഇടപെടലുകളും ക്രിയാത്മകമായ നിർദ്ദേശങ്ങളും പ്രവൃത്തികളുടെ നിർവ്വഹണ ഘട്ടങ്ങളിൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതാണ്.

15 മരാമത്ത് പ്രവൃത്തികളുടെ ബില്ലുകളും ബന്ധപ്പെട്ട ഫയലുകളും പ്രളയത്തിൽ നഷ്ടമായതിനാൽ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യം ഭരണസമിതിയുടെ 26.09.2018 തിയതിയിലെ 5(1) നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചതാണ്.

ബില്ലുകളെ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം. | പ്രൊജക്റ്റ് നം. | ബിൽ നം. | പ്രവൃത്തിയുടെ പേര് | ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | 99/18 | 77 | മുത്രത്തിക്കര കിണർ അറ്റകുറ്റപണി | 19746 |
| 2 | 75/18 | 87 | കൊളത്തൂർ എസ്.സി കോളനി റോഡ് റീടാറിംഗ് | 45317 |
| 3 | 209/18 | 86 | കൊളത്തൂർ ചാൽ റോഡ് റീടാറിംഗ് | 130673 |
| 4 | 176/18 | 84 | കൊളത്തൂർ മണ്ണാംപറമ്പ് റോഡ് റീടാറിംഗ് | 165859 |
| 5 | 212/18 | 65 | തത്തമത്ത് റോഡ് സോളിംഗ്, മെറ്റലിംഗ്, ടാറിംഗ് | 280197 |
| 6 | 204/18 | 80 | പാണേക്കാട് റോഡ് മെറ്റലിംഗ്, ടാറിംഗ് | 255194 |
| 7 | 201/18 | 83 | മാടപ്പാടം റോഡ് റീടീറിംഗ് | 266586 |
| 8 | 253/18 | 78 | ജോസഫ് കട വഴി റോഡ് സോളിംഗ്, | 230000 |

| | | | | |
|---|---|---|---|---|
| | | | മെറ്റലിംഗ് , ടാറിംഗ് | |
| 9 | 274/18 | 72 | ടെംപിൾ എസ്.സി അംഗൻവാടി റോഡ് | 187435 |
| 10 | 268/18 | 108 | പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ റോഡ് ഡ്രെയിനേജ് | 200000 |
| 11 | 90/18 | 112 | കൃഷി ആവശ്യത്തിനായി ബണ്ട് നിർമ്മാണം | 61384 |
| 12 | 163/18 | 101 | നന്തിക്കര പള്ളിത്താഴം റോഡ് ഇടവഴിക്കടവ് റോഡ് | 482293 |
| 13 | 268/18 | 109 | ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ | 39837 |
| 14 | 119/18 | 31 | നെല്ലായി റെയിൽവേസ്റ്റേഷൻ ലിങ്ക് റോഡ് | 108961 |
| 15 | 223/18 | 99 | കൊളത്തൂർ കോളനി ഇടവഴി റോഡ് ഫിലിംഗ്, സോളിംഗ്, മെറ്റലിംഗ്, ടാറിംഗ് | 202316 |

## **3-4** കന്നുകുട്ടി പരിപാലനപദ്ധതി

നിർവ്വഹണഉദ്യോഗസ്ഥൻ-വെറ്ററിനറിസർജൻ

പ്രോജക്റ്റ്നമ്പർ-SO9/17-18

അടങ്കൽ-18,75,000

ചെലവ് 9,37,500

ട്രഷറിബിൽ നം-1/2017-18/14.12.2017/5,37,500/-

നം-2/2017-18/22.12.2017/4,00,000/-

75 ഗുണഭോക്താക്കൾക്കുള്ള വികസനഫണ്ട് 9,37,500/-രൂപ എസ്.എൽ.ബി.പി ക്ക് മേൽപറഞ്ഞ പ്രകാരം കൈമാറിയിട്ടുണ്ട്. തീറ്റവിതരണം നടത്തുന്ന പന്തല്ലൂർ സൊസൈറ്റിയിൽ നിന്നും പരിശോധനക്കായി ലഭ്യമാക്കിയ വ്യക്തിഗത നാൾവഴി പ്രകാരം ചന്ദ്രിക കളരിക്കൽ എന്ന ഗുണഭോക്താവ് 18.7.18 ന ശേഷം തീറ്റ കൈപ്പറ്റിയിട്ടില്ല. തൊട്ടിപ്പാൾ സൊസൈറ്റിയിൽ നിന്നും പരിശോധനക്കായി ലഭ്യമാക്കിയ

വ്യക്തിഗത നാൾവഴി പ്രകാരം ജിനിമോൾ എന്ന ഗുണഭോക്താവ് 15.5.18ന ശേഷവും ലൂവീസ് മഞ്ഞളി എന്ന ഗുണഭോക്താവ് 16.7.18ന ശേഷവും വർഗ്ഗീസ് നീലങ്കാവിൽ എന്ന ഗുണഭോക്താവ് 22.8.18ന ശേഷവും തീറ്റ കൈപ്പറ്റിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ ഗുണഭോക്താക്കൾ പദ്ധതിയിൽ തുടരുന്നില്ലെങ്കിൽ ഇവർക്കായി കൈമാറിയ തുക സർക്കാരിലേക്ക് തിരിച്ചടവാക്കാൻ എസ്.എൽ.ബി.പി അധികാരികൾക്ക് നിർദ്ദേശം നൽകാവുന്നതാണ്.

പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് തുകയുടെ വിനിയോഗസാക്ഷ്യപത്രം എസ്.എൽ.ബി.പി യിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.

## 3-5 അങ്കണവാടികളുടെ ഭൗതികസാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തിലെ അങ്കണവാടികളെ സംബന്ധിച്ച വിവരങ്ങൾ താഴെച്ചേർക്കുന്നു.

| | |
|---|---|
| അങ്കണവാടികളുടെ എണ്ണം | 29 |
| സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 23 |
| വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 4 |
| വാടക ഇല്ലാതെ പ്രവർത്തിക്കുന്നത് | 1 |
| കുടിവെള്ളസൗകര്യം ഉള്ളത് | 16 |
| ചുറ്റുമതിൽ ഉള്ളത് | 20 |
| ടോയ്‌ലെറ്റ് ഉള്ളത് | 29 |
| കറന്റ് ഉള്ളത് | 28 |
| ഗ്യാസ് കണക്ഷൻ ഉള്ളത് | 29 |

അങ്കണവാടികളുടെ ഭൗതികസാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. 16.01.2014 ലെ ഗവ. സർക്കുലർ നം. 62671/20/3/02/ റവന്യൂ പ്രകാരം റവന്യൂ ഭൂമി ലഭ്യമാണെങ്കിൽ അങ്കണവാടി കെട്ടിട നിർമ്മാണത്തിനായി ആവശ്യമായ ഭൂമി വ്യവസ്ഥകൾക്ക് വിധേയമായി സൗജന്യമായി പഞ്ചായത്തുകൾക്ക് കൈമാറുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതുമാണ്. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് സ്വന്തമായി സ്ഥലം ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തേണ്ടതാണ്.

## 3-6 ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പദ്ധതിയുടെ ചെലവ് രേഖകൾ ഓഡിറ്റിനായി ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | പദ്ധതി നം | പദ്ധതി | പദ്ധതി അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | 167/17-18 | പ്രഥമിക ആരോഗ്യകേന്ദ്രത്തിലേയ്ക്ക് മരുന്ന വാങ്ങൽ | 200000 | 200000 |
| 2 | 203/17-18 | രോഗപ്രതിരോധപ്രവർത്തനങ്ങൾ | 50000 | 47480 |
| 3 | 225/17-18 | പാലിയേറ്റീവ് പരിചരണം | 106042 | 938175 |

| | | | | |
|---|---|---|---|---|
| 4 | 237/17-18 | ജീവിതശൈലീരോഗനിയന്ത്രണം | 100000 | 99993 |
| 5 | 270/17-18 | ക്യാൻസർരോഗനിയന്ത്രണം | 100000 | 69927 |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം (5/30.04.2019)ന് മെഡിക്കൽ ഓഫീസർ വിശദമായ മറുപടി ലഭ്യമാക്കിയിട്ടുണ്ട് . പ്രളയത്തിൽ പി.എച്ച്.സി യിലെ രജിസ്ററുകളും കാഷ്ബുക്കും ഫയലുകളും പൂർണ്ണമായും നഷ്ടപ്പെട്ടതായി അറിയിച്ചിട്ടുണ്ട്. ഭരണസമിതിയുടെ 06.09.2018 ന് 1-ാം നം. തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ഇക്കാര്യം ഭരണ വകുപ്പിന്റെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-7 ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

സെക്രട്ടറി നിർവഹണം നടത്തിയ താഴെ പ്പറയുന്ന പദ്ധതികളുടെ ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ /പ്രോജക്ട് | ട്രഷറിബിൽ നമ്പർ /തുക | തുക നൽകിയത് |
|---|---|---|---|
| 1 | So21/19<br>ഐ.കെ.എം പ്രവർത്തന ഫണ്ടിലേക്ക് വിഹിതം കൈമാറൽ | 5/28.7.17/<br>82033രൂപ | എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം തിരുവനന്തപുരം |
| 2 | ഐ.എം.എ ബ്ലഡ് ബാങ്കിലേക്ക് തുക കൈമാറൽ | 18/24.10.17/<br>100000 രൂപ | ജില്ലാ പഞ്ചായത്ത് ,തൃശ്ശൂർ |
| 3 | So 276/18<br>ആലത്തൂർ കാരക്കാട്ട് കടവ് ലിഫ്റ്റ് ഇറിഗേഷൻ വൈദ്യുതീകരണം -കെ.എസ്.ഇ.ബിയിലേക്ക് തുക കൈമാറൽ | 31/19.2.18/<br>43750 രൂപ | ഇലക്ട്രിക്കൽ സെക്ഷൻ പറപ്പൂക്കര |
| ആകെ | | 225783 | |

വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതു വരെ ഈയിനത്തിൽ ചെലവഴിച്ച 2,25,783 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8 ആദായനികുതി ഈടാക്കിയിട്ടില്ല

പ്രോജക്ട് നമ്പർ-SO 22/18

ട്രഷറിബിൽ നമ്പർ/ തുക-6/17-18/23.8.17/1,29,870

21/17-18/31.10.17/50,282

32/17-18/19.2.18/18,142

വൗച്ചർ നമ്പർ / തുക-2,17,00,950/24.2.18

മേൽപദ്ധതി പ്രകാരം മണികണ്ഠൻ പ്രിന്റേഴ്സ് എന്ന സ്ഥാപനത്തിന് പദ്ധതി മാർഗ്ഗരേഖ, നോട്ടീസുകൾ എന്നിവ അച്ചടിച്ചതിന് താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

| ബിൽ നമ്പർ | തുക |
|---|---|
| ലഭ്യമല്ല | 12094 |
| 1143/11.10.17<br>1144/11.10.17 | 8450 |
| 1069/4.8.17 | 28200 |
| 1025/7.6.17 | 23600 |
| 1070/4.8.17 | 6000 |
| 1016/6.7.17 | 24500 |
| 1076/8.8.17 | 392 |
| 1073/4.8.17 | 7786 |
| 1072/4.8.17 | 30500 |
| 1018/6.7.17 | 8802 |
| ആകെ | 150324 |

കരാറുകാർക്ക് തുക നൽകുമ്പോൾ തന്നെ അവരിൽ നിന്നും ആദായനികുതി ഈടാക്കി ആദായനികുതി വകുപ്പിൽ അടവാക്കേണ്ടതാണ്. ഇപ്രകാരം കരാറുകാരനിൽ നിന്നും ആദായനികുതി ഈടാക്കാത്തതിന്ന വിശദീകരണം നല്കേണ്ടതും മേലിൽ ഇപ്രകാരമുള്ള അപാകതകൾ ഒഴിവാക്കേണ്ടതുമാണ്.

## 3-9 തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾ- കൃത്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

പ്രോജക്റ്റ് നമ്പർ-3/17

നിർവഹണഉദ്യോഗസ്ഥൻ-സെക്രട്ടറി

ട്രഷറിബിൽ നമ്പർ-15/25.9.17-2,55,555/-

29/16.2.18-2,52,779/-

തനതുഫണ്ട്-66,661 രൂപ

കേരള സർക്കാരിന്റെ നമ്പർ 3055/ഡി.എ /3/2011ത.സ്വ.ഭ.വ തദ്ദേശസ്വയംഭരണ വകുപ്പ് സർക്കുലർ നിർദ്ദേശങ്ങൾക്ക് വിധേയമായി പഞ്ചായത്ത് പരിധിയിലെ തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾ 30.12.16 ലെ പഞ്ചായത്ത് കമ്മറ്റി തീരുമാനപ്രകാരം അംഗീകരിച്ച് മെ.അമാസ്സ് പവർ സൊല്യൂഷൻസ്, ചുങ്കം, ഫറോഖ്, കോഴിക്കോട് എന്ന സ്ഥാപനം മുഖേന നടപ്പാക്കിയിട്ടുണ്ട്.

വാർഡ് മെമ്പർമാർ അതത് വാർഡിലെ കേടായ വിളക്കുകളുടെ ലിസ്റ്റ് നൽകുകയും അതനുസരിച്ച് അറ്റകുറ്റപ്പണികൾ നടത്തുകയും മെമ്പർമാർ നല്കിയ സാക്ഷ്യപത്രം അനുസരിച്ച് തുക നൽകുകയുമാണ് ചെയ്തിരിക്കുന്നത്. ഫയൽപ്രകാരം 18 വാർഡുകളിലേയും അറ്റകുറ്റപ്പണികൾ നടത്തിയതായി

കാണുന്നുണ്ടെങ്കിലും മെമ്പർമാർ നല്കിയ സാക്ഷ്യപത്രത്തിലെ സംഖ്യകൾ മാഞ്ഞുപോയതിനാൽ എത്ര വിളക്കുകളുടെ അറ്റകുറ്റപ്പണികൾ നടത്തിയെന്നതു സംബന്ധിച്ച കൃത്യത ഉറപ്പുവരുത്താൻ ഓഡിറ്റിനു കഴിഞ്ഞിട്ടില്ല.

## 3-10 ഗ്രീൻ പ്രോട്ടോക്കോൾ(പ്ലാസ്റ്റിക് ഡിസ്പോസിബിൾ പ്ലേറ്റ് ഒഴിവാക്കൽ)

പ്രോജക്ട് നമ്പർ-154/17

നിർവഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

ട്രഷറിബിൽ നമ്പർ-27/31.1.18-2,36,700/-

മേൽ പദ്ധതി പ്രകാരം നെല്ലായി കമ്മ്യൂണിറ്റി ഹാളിലേക്കും 29 അങ്കണവാടികളിലേയ്ക്കും സ്റ്റീൽ പ്ലേറ്റുകൾ, സ്റ്റീൽ ഗ്ലാസ്സുകൾ, സ്റ്റീൽ ക്രോക്കറി എന്നിവ വാങ്ങി നൽകുന്നതിനും പ്ലാസ്റ്റിക് ഡിസ്പോസിബിൾ പ്ലേറ്റ്, ഗ്ലാസ്സ്എന്നിവ ഒഴിവാക്കുകയുമാണ് ലക്ഷ്യമിട്ടിരുന്നത്. ആയത് പ്രകാരം ടെണ്ടർ ക്ഷണിച്ച് S.Sali associates എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നമ്പർ002/28.11.17 പ്രകാരം താഴെപ്പറയുന്നവ വാങ്ങിയിട്ടുണ്ട്.

| വാങ്ങിയ സാധനം | എണ്ണം |
|---|---|
| പ്ലേറ്റുകൾ | 1000 |
| സ്റ്റീൽ ഗ്ലാസ്സുകൾ | 1000 |
| ഐസ്ക്രീം ബൗളുകൾ(ചില്ല്) | 1000 |
| സ്റ്റീൽ സ്പൂൺ | 1000 |
| ഗ്ലാസ്സുകൾ (ചില്ല്) | 1000 |

മേൽപ്പറഞ്ഞവ പഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെങ്കിലും കമ്മ്യൂണിറ്റിഹാളിന്റെ കെയർടേക്കർക്കോ അങ്കണവാടികൾക്കോ കൈമാറിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

3.5.19 ന് ഓഡിറ്റ് ടീം നടത്തിയ സ്ഥല പരിശോധനയിൽ നെല്ലായി കമ്മ്യൂണിറ്റി ഹാൾ സന്ദർശിക്കുകയുണ്ടായി. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിന്റെ അഭാവത്തിൽ കമ്മ്യൂണിറ്റി സെന്ററിനു നൽകിയവയുടെ സ്റ്റോക്ക് പരിശോധിക്കാൻ സാധിച്ചിട്ടില്ല. കൂടാതെ 28.11.17ന് വാങ്ങിയവ നാളിതുവരെ ഉപയോഗിച്ചതായി കാണുന്നില്ല. ചില്ല് കൊണ്ട് ഉണ്ടാക്കിയതു കൊണ്ടാണ് നാളിതുവരെ ഉപയോഗിക്കാത്തതെന്നാണ് കെയർടേക്കർ മറുപടി നൽകിയത്. കമ്മ്യൂണിറ്റി സെന്ററിന്റെ ബൈലോ പ്രകാരം, കമ്മ്യൂണിറ്റി ഹാളിൽ പ്ലാസ്റ്റിക് നിരോധനം ഏർപ്പെടുത്തിയതായി കാണുന്നില്ല. അപ്രകാരം ഒരു തീരുമാനം പഞ്ചായത്ത് എടുത്തിട്ടുള്ളതിന്റെ രേഖയും ഹാജരാക്കിയിട്ടില്ല. മേൽ സാധനങ്ങൾ ആവശ്യക്കാർക്ക് വാടകയ്ക്ക് നല്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 ചെലവു രേഖകൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല

കൃഷി ഓഫീസർ നിർവഹണം നടത്തിയ താഴെപ്പറയുന്ന പ്രോജക്ടുകളുടെ രേഖകൾ പ്രളയത്തിൽ നശിച്ചതിനാൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു. വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഭരണസമിതിയുടെ 26.09.2018 ലെ 5(1) നം. തീരുമാനം).

| ക്രമ | പ്രോജക്ട്/പ്രോജക്ട് നമ്പർ | ചെലവു തുക | ഹാജരാക്കാത്ത |
|---|---|---|---|

| നം. | | | രേഖകൾ |
|---|---|---|---|
| 1 | SO218/17<br>നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | വികസനഫണ്ട്-540102<br>ജില്ലാപഞ്ചായത്ത് വിഹിതം-240102<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം-300000 | അപേക്ഷകൾ, ചെലവുരേഖകൾ |
| 2 | So2224/17<br>വനിതകൾക്ക് നേന്ത്രവാഴകൃഷിക്ക് ധനസഹായം | 350000 | അപേക്ഷകൾ, ചെലവുരേഖകൾ |
| 3 | SO244/17 ഹൈബ്രിഡ് /കുറിയഇനം തെങ്ങിൻതൈകളുടെ വിതരണവും പരിപാലനവും (ജനറൽ) | വികസനഫണ്ട് -18245<br>ഗുണഭോക്തൃവിഹിതം-17275 | അപേക്ഷകൾ, ചെലവുരേഖകൾ |
| 4 | SO245/17ഹൈബ്രിഡ് /കുറിയഇനം തെങ്ങിൻതൈകളുടെ വിതരണവും പരിപാലനവും(SCP) | വികസനഫണ്ട് -1435<br>ഗുണഭോക്തൃവിഹിതം-665 | അപേക്ഷകൾ, ചെലവുരേഖകൾ |
| 5 | SO246/17 പച്ചമരക്കുട -ഫലവൃക്ഷതൈകൾ വച്ചു പിടിപ്പിക്കൽ | വികസനഫണ്ട് -<br>ഗുണഭോക്തൃവിഹിതം-31655 | അപേക്ഷകൾ, ചെലവുരേഖകൾ |
| 6 | SO239/17<br>പട്ടികജാതിവനിതകൾക്ക് നേന്ത്രവാഴകൃഷിക്ക് ധനസഹായം | വികസനഫണ്ട് -400669,176331 | അപേക്ഷകൾ, ചെലവുരേഖകൾ |

## 3-12 രേഖകൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല

നന്തിക്കര, പറപ്പൂക്കര സർക്കിളുകളിലെ വി.ഇ.ഒ മാരുടെ കാഷ്ബുക്ക്, നന്തിക്കര സർക്കിളിലെ ട്രഷറി ബിൽബുക്ക് എന്നിവ പ്രളയത്തിൽ നഷ്ടമായതിനാൽ ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല. ( ഭരണസമിതിയുടെ 26.09.2018 ലെ 5(1) നം. തീരുമാനം).

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതംനൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ചതുക | പ്രൊജക്ടിന്റെപേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 500000 | നെൽകൃഷിക്ക് കൂലിചിലവ് സബ്സിഡി | 300000 | 200000 |
| " | 2017-18 | 350000 | പാലിയേറ്റിവ് പരിചരണം | 344037 | 5963 |
| " | 2017-18 | 50000 | ക്യാൻസർ രോഗ നിർണ്ണയം | 45955 | 4045 |
| " | 2017-18 | 324600 | അംഗനവാടി അനുപൂരക പോഷകാഹാര വിതരണം | 324600 | 0 |
| " | 2017-18 | 200000 | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് പഠന സഹായം | 200000 | 0 |
| " | 2017-18 | 300000 | ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്നവർക്ക് പാലിന് സബ്സിഡി | 300000 | 0 |
| | 2016-17 | 100000 | കരിയർ ഗൈഡൻസ് | 0 | 100000 |
| TOTAL | | 1824600 | | 1514592 | 310008 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 240182 | നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി | 240102 | 80 |
| " | 2017-18 | 300000 | പാലിയേറ്റിവ് പരിചരണം | 300000 | 0 |
| " | 2017-18 | 500000 | അംഗനവാടി അനുപൂരക പോഷകാഹാര വിതരണം | 500000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 200000 | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 100000 | ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്നവർക്ക് പാലിന് | 100000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | സബ്സിഡി | | |
| TOTAL | | 1340182 | | 1340102 | 80 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർനം. / ചെക്ക്നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ളതുക |
|---|---|---|---|---|---|
| 1)കേരളവാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിന് തുക അടവാക്കൽ | 21701034 dt 24/10/2017 | 400000 | 0 | 400000 |
| 2)ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | സച്ചി വഴി കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 21701042 dt 15/11/2017 | 100000 | 0 | 100000 |
| 3)കെ എസ് ഇ ബി | ആലത്തൂർ കാരക്കാട്ടുകടവ് ലിഫ്റ്റ് ഇറിഗേഷൻ വൈദ്യുതീകരണം | 21701128 dt 16/02/2018 | 43750 | 0 | 43750 |
| 4) കെ എസ് ഇ ബി | വിവിധ കെ എസ് ഇ ബി ട്രാൻസ്ഫോർമറുകൾക്ക് മീറ്ററും കൺട്രോൾ യൂണിറ്റും സ്ഥാപിക്കൽ | 21701043 dt 15/11/2017 | 63600 | 0 | 63600 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെപേര്/ ഉദ്ദേശ്യം | ഉത്തരവ്നം/ തിയതി | വായ്പതുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്നതുക | തൻവർഷംതിരിച്ചടച്ചതുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| | | 1,46,00,000 | 12600000 | 2000000 | 1402319 | 10600000 |

| | | | | | | |
|---|---|---|---|---|---|---|
| ശതാബ്ദി ഭവന പദ്ധതി | 72166/ഡി ബി 1/15/ത. സ്വ.ഭ.വ തിയ്യതി- 16/03/2015 | | | | | |

# 4-5 സ്ഥിര നിക്ഷേപങ്ങൾ

| | | | |
|---|---|---|---|
| 1 | വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 591202 | |
| 2 | തൻവർഷം നിക്ഷേപിച്ച തുക | - | |
| 3 | ആകെ | 591202 | |
| 4 | തന്നാണ്ടിൽ പിൻവലിച്ച തുക | - | |
| 5 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 591202 | |
| 6 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിവരം | നിക്ഷേപത്തിന്റെ വിവരം നമ്പർ 800122/ തീയതി. 01.06.07 | തുക 591202(TDCB) |
| 7 | ഇക്വിറ്റി ഷെയർ | 14020 | ലിക്വിഡേറ്റ് ചെയ്ത സ്ഥാപനത്തൻറെ ഷെയർ സംബന്ധിച്ച രേഖകൾ വെള്ളപൊക്കത്തിൽ നഷ്ടപ്പെട്ടുപോയെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

# 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതിനം/ തിയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2014-15 | | 600 | തൊട്ടിപ്പാൾ ക്ഷീര സംഘം | 117070104106/09.11.2017 |
| 2016-17 | 3.2 | 912 | മണികണ്ഠൻ പ്രിൻറേഴ്സ് | 117070105711/08.01.2018 |
| 2014-15 | 2(6) | 1676 | എം ജെ ഫുഡ്സ് | 117070106372/01.02.2018 |
| PAU2/2017 | 2.3-1 | 56 | സെക്രട്ടറി | 117070102241/ |

# 4-7 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 69871119 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 79845708 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 225783 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 225783 | അജിത.കെ, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല.

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുന്ന ഖണ്ഡികകളുടെ

## വിവരം

സമാഹൃത ഓഡിറ്റിന്റെ ഫയൽ വെള്ളപ്പൊക്കത്തിൽ നഷ്ടപ്പെട്ടുപോയതായി അറിയിച്ചിട്ടുണ്ട്.

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡിക |
|---|---|---|
| 1986-87, 1987-88 1988-89, 1989-90, 1990-91 | എൽ.എഫ്.ടി(പി3)-2538/2011 തിയതി.20.10.2011/08.12.2011 | |
| 1995-96 | കെ.എസ്.എ-ടി.എസ്.ആർ (പി7)263/16/26-2-16 (ഓഡിറ്റ് അദാലത്ത്) | 2 |
| 1996-97 | കെ.എസ്.എ-ടി.എസ്.ആർ (പി7)263/16/26-2-16 (ഓഡിറ്റ് അദാലത്ത്) | 9 |
| 1997-98 | കെ.എസ്.എ-ടി.എസ്.ആർ (പി7)263/16/26-2-16 (ഓഡിറ്റ് അദാലത്ത്) | 14 |
| 1998-99 (ചെലവ്) | കെ.എസ്.എ-ടി.എസ്.ആർ (പി7)263/16/26-2-16 (ഓഡിറ്റ് അദാലത്ത്) | 9 |
| 1999-2000 | എൽ.എഫ്.ടി.16-341/03 തിയതി. 02.08.2003 | |
| 2000-01, 2001-02 | എൽ.എഫ്.ടി.16-1528/03 തിയതി. 14.05.2004 | |
| 2000-01 | എൽ.എഫ്.ടി.16-612/04 തിയതി. 04.09.2004 | |
| 2001-02 | എൽ.എഫ്.ടി.16-2062/06 തിയതി.25.03.2007/14.10.2007 | |
| 2002-03 | എൽ.എഫ്.ടി.16-2063/06 തിയതി.05.04.2007/15.10.2007 | |
| 2003-04 | എൽ.എഫ്.ടി.16-1676/08 തിയതി.08.03.2010 | |

| | | |
|---|---|---|
| 2004-05 | എൽ.എഫ്.ടി.16-1677/08<br>തിയതി.08.03.2010 | |
| 2005-06 | എൽ.എഫ്.ടി.16-2005/09<br>തിയതി.06.09.2010 | |
| 2006-07 | എൽ.എഫ്.ടി.16-2006/09<br>തിയതി.06.09.2010 | |
| 2007-08 | എൽ.എഫ്.ടി.(പി3)-568/12<br>തിയതി.24.09.2012 | |
| 2008-09 | എൽ.എഫ്.ടി.(പി3)-569/12<br>തിയതി.24.09.2012 | |
| 2009-10 | എൽ.എഫ്.ടി.(പി3)-570/12<br>തിയതി.24.09.2012 | |
| 2010-11 | എൽ.എഫ്.ടി.(പി3)571/12<br>തിയതി.24.09.2012/04.02.2013 | |
| 2011-12 | എൽ.എഫ്.ടി.(പി3)-911/13<br>തിയതി.20.08.2013/04.12.2013 | |
| 2012-13 | എൽ.എഫ്.ടി.(പി7)-228/14<br>തിയതി.10.10.2014/12.12.2014 | |
| 2013-14 | കെ. എസ്.എ. ടി. എസ്. ആർ.(പി 7) 188/15<br>തിയതി.07.07.2015/11.09.2015 | |
| 2014-15 | കെ. എസ്.എ.ടി.എസ്.ആർ.(പി7)875/16<br>തിയതി.03.06.2016 | |
| 2015-16 | നം.കെഎസ്എ.ടിഎസ്ആർ (പി 7)2098/16<br>തിയതി.16.01.2017 | |
| 2016-17 | നം.കെഎസ്എ.ടിഎസ്ആർ (പി 7)1716/17<br>തിയതി.24.11.2017 | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

# **അനുബന്ധം-1**

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ പറപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പറപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2017-18ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

## അനുബന്ധം-2

## ഓഡിറ്റ് സംക്ഷിപ്തം

| സംക്ഷിപ്തം(AuditedAbstract) | |
|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| 3 | ബാലൻസ് ഷീറ്റ് |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ല ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ